
വല്ലാർപാടം അഭിഷേകവേദിയിൽ നിന്ന്...



# അങ്ങേ ആത്മാവോടുംകൂടെ...

**ആർച്ച് ബിഷപ് ഡോ.സൂസപാക്യം**

അഭിമാനാർഹമായ ചരിത്രവും പാരമ്പര്യവുമുള്ള ഒരു പ്രാദേശികസഭയാണ് വരാപ്പുഴ അതിരൂപത. രൂപതകളുടെ മാതാവ് എന്നാണ് വരാപ്പുഴ അതിരൂപത അറിയപ്പെടുന്നത്. അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് ഇന്ന് തികഞ്ഞ ആത്മവിശ്വാസത്തോടെ വരാപ്പുഴ അതിരൂപതയുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്ന സുന്ദരമുഹൂർത്തമാണ് ഇത്. ആശംസകൾ നേരാൻ ലഭിച്ച ഈ അവസരം എനിക്കു ലഭിച്ച വലിയ ബഹുമതിയായി ഞാൻ കണക്കാക്കുകയാണ്. ഭാരതസഭയുടെ പേരിൽ അഭിവന്ദ്യ ക്ലീമിസ് പിതാവ് ആശംസകൾ നേരുകയുണ്ടായി. കേരളസഭയുടെ പേരിൽ ആശംസകൾ നേരാനാണ് എന്നോട് ആവശ്യപ്പെട്ടിരിക്കുന്നത്. ആശംസകൾ നേരുന്നതിനുമുൻപ് അഭിവന്ദ്യ ഫ്രാൻസിസ് കല്ലറയ്ക്കൽ പിതാവിനോടുള്ള സ്നേഹാദരങ്ങൾ പ്രകടിപ്പിക്കേണ്ടത് ഞങ്ങളുടെയൊക്കെ വലിയ കടമയായി തോന്നുന്നു. അദ്ദേഹം ഞങ്ങളുടെയെല്ലാം പ്രിയപ്പെട്ട ജ്യേഷ്ഠസഹോദരനാണ്. അദ്ദേഹത്തിന്റെ മുഖത്ത് സദാ വിരിഞ്ഞു കാണുന്ന ആ പുഞ്ചിരിയും അദ്ദേഹത്തിന്റെ നർമരസമുള്ള സംഭാഷണവുമൊക്കെ മറക്കാനാകില്ല. ഇത്രകാലം ഒരു അജപാലകനെന്ന നിലയിൽ ഞങ്ങളുടെയൊക്കെ മാതൃകയായി അദ്ദേഹം വിളങ്ങിനില്ക്കുകയായിരുന്നു. നഥാനിയേലിനോട് യേശു പറഞ്ഞ വാക്കുകൾ ‘ഇതാ ഒരു യഥാർഥ അജപാലകൻ, ഇദ്ദേഹത്തിൽ ഒരു കളങ്കവുമില്ല’ എന്ന് ഞങ്ങൾ പലപ്പോഴും കല്ലറയ്ക്കൽ

പിതാവിനെ വിശേഷിപ്പിക്കാറുണ്ട്. തുടർന്നും ദീർഘകാലം ഞങ്ങളുടെ മുൻപിൽ മാതൃക യായി ജ്വലിച്ചുനില്ക്കാനുള്ള ആയുരാരോഗ്യ ങ്ങൾ ദൈവം അദ്ദേഹത്തിനു നല്കി അനുഗ്ര ഹിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

ജോയി പിതാവിന് ആശംസകൾ നേരുമ്പോൾ, എന്താണു പറയേണ്ടതെന്ന് ഞാൻ ആലോചി ക്കുകയായിരുന്നു. ദിവ്യബലിയിൽ നമ്മൾ ആവർത്തിച്ചാവർത്തിച്ച് ശ്രദ്ധിക്കുന്ന ആശംസ യാണ് എന്റെ മനസ്സിൽ വന്നത്. കർത്താവ് നിങ്ങളോടുകൂടെ എന്ന് വൈദികൻ ആശംസി ക്കുന്നു. 'അങ്ങയോടുംകൂടെ' എന്ന് ദൈവ ജനം മറുപടി പറയുന്നു. അത് പരിഷ്കരിച്ച് 'അങ്ങേ ആത്മാവോടും കൂടെ' എന്നാക്കിയിട്ടു ണ്ട്. ജോയി പിതാവിന് കൊടുക്കാൻ ഇതി നെക്കാളും നല്ലൊരു ആശംസ ഇല്ലെന്നാണ് എനിക്കു തോന്നുന്നത്. അങ്ങേ ആത്മാവോടും കൂടെ എന്നു പറഞ്ഞാൽ, അങ്ങയെ പൗരോഹി ത്യത്തിനായി വിളിച്ച ആത്മാവിന്റെ ശക്തി എപ്പോഴും ആ ദൗത്യം നിർവഹിക്കാനായി അങ്ങെയ്ക്ക് ഒപ്പമുണ്ടായിരിക്കട്ടെ എന്നാണ് ദൈവജനം ആശംസിക്കുന്നത്. ആശംസ എന്നു പറയുമ്പോൾ ഞാൻ മനസ്സിലാക്കുന്നത്, പരസ്പരം നല്ലതു വരട്ടെ എന്ന് അനുഗ്രഹിക്കു കയും പ്രാർഥിക്കുകയുമാണ്. മെത്രാപ്പോ ലീത്ത എന്ന നിലയിൽ പിതാവ് ഇന്ന് ഏറ്റെടു ക്കുന്നത് ഇടയധർമമാണല്ലോ. ഇദ്ദേഹത്തിന് നല്ലതു വരട്ടെയെന്ന് ആശംസിക്കുമ്പോൾ, അജപാലനദൗത്യം വിശ്വസ്തതയോടെ നിർവ ഹിക്കുമ്പോൾ വേണ്ട വെളിച്ചവും ശക്തിയും കൃപയും ദൈവം അദ്ദേഹത്തിന് സമൃദ്ധമായി നല്കട്ടെയെന്ന് നാമോരോരുത്തരും ആത്മാർ ഥമായി പ്രാർഥിക്കുകയാണു ചെയ്യുന്നത്. തന്നെ ഭരമേല്പിച്ചിരിക്കുന്ന അജഗണത്തെ ദൈവത്തിങ്കലേക്കും ദൈവരാജ്യത്തിലേക്കും നയിക്കാനുള്ള ദൗത്യമാണ് അഭിവന്ദ്യപിതാവ് ഏറ്റെടുത്തിരിക്കുന്നത്. പിതാവിനെ ഉപദേശി ക്കാൻ വേണ്ട അനുഭവസമ്പത്തോ പക്വതയോ എനിക്കുണ്ട് എന്ന് ഞാൻ കരുതുന്നില്ല. നിങ്ങ ളുടെ അതിരൂപതാധ്യക്ഷൻ ഇതിനകം തന്നെ സഭയുടെ വിവിധ രംഗങ്ങളിൽ പ്രവർത്തി ക്കാൻ ഭാഗ്യംലഭിച്ച വ്യക്തിയാണ്. ചാൻസലർ, വികാർ ജനറൽ എന്നീ നിലകളിൽ വരാപ്പുഴ അതിരൂപതയെ മാത്രമല്ല, കോഴിക്കോട് മെത്രാൻ എന്ന നിലയിൽ കേരളസഭയെയും റോമിലെ സാൻ പോൾ സെമിനാരിയിൽ വൈസ് റെക്ടർ എന്ന നിലയിലും പ്രവാസി കാര്യാലയത്തിലെ സെക്രട്ടറി എന്ന നില യിലും സാർവത്രിക സഭയെയും ദീർഘകാലം തൊട്ടറിഞ്ഞ ഒരു വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ അനുഭവസമ്പത്ത് അത്രയേറെ വിശാലമാണ്. ഫ്രാൻസിസ് പാപ്പാ തിരഞ്ഞെടു ക്കപ്പെട്ടതിന്റെ തൊട്ടടുത്ത ദിവസം അദ്ദേഹം പാപ്പായോടൊപ്പം ദിവ്യബലി അർപ്പിക്കുന്ന ചിത്രം കണ്ടപ്പോൾ ഞാൻ അദ്ഭുതപ്പെട്ടു പോയി. ഇക്കഴിഞ്ഞ ദിവസം വരാപ്പുഴയിലേ ക്കു മടങ്ങിവരുന്നതുവരെ പാപ്പായോടൊപ്പം ഒരേ ഭവനത്തിലാണ് അദ്ദേഹം താമസിച്ചത്. എത്രവലിയ ഒരു ഭാഗ്യം! ഫ്രാൻസിസ് പാപ്പായെ നേരിട്ടു കാണാൻ സാധിക്കാത്ത ചില മെത്രാന്മാരിൽ ഒരാളാണ് ഞാൻ. ഒരു പ്രാവശ്യം ഒന്നു ശ്രമിച്ചുനോക്കി. സാഹചര്യ ങ്ങൾ ഒത്തുവന്നില്ല. പാപ്പായെ കാണാൻ മാത്രം റോമിലേക്കു ചെല്ലരുതെന്ന മുന്നറി യിപ്പും ഉണ്ടായിരുന്നു. അങ്ങനെഒരവസരം വേഗം വന്നുചേരണമേ എന്നാണ് എന്റെ പ്രാർഥന. നമ്മെയെല്ലാം കാണാൻ പാപ്പാ കേര ളത്തിലേക്കു വരുമെന്ന് ജോയി പിതാവ് വന്ന ദിവസം തന്നെ പറയുകയുണ്ടായി. അഭിവന്ദ്യ കർദിനാൾ ആലഞ്ചേരി പിതാവും അതുതന്നെ യാണു പറഞ്ഞത്. ഇനി കർദിനാൾ ക്ലീമിസ് പിതാവ് അത് സ്ഥിരീകരിച്ചാൽ മാത്രം മതി. ആ നല്ല ദിവസം പ്രതീക്ഷയോടുകൂടെ നിങ്ങ ളെല്ലാവരെയും പോലെ ഞാനും നോക്കിയിരി ക്കുകയാണ്.

അജപാലനദൗത്യങ്ങളെക്കുറിച്ച് നിങ്ങളുടെ മെത്രാപ്പോലീത്തയ്ക്ക് എന്തെങ്കിലും മാർഗ നിർദേശം നല്കാൻ ഞാൻ ആളല്ല. എങ്കിലും ആശംസകൾ നേരണമല്ലോ. അനുഭവത്തിന്റെ വെളിച്ചത്തിൽ ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആർച്ച് ബിഷപ് ഫുൾട്ടൺ ജെ. ഷീനിന്റെ ജീവിതത്തിലെ ഒരു സംഭവം ഓർത്തുപോകുന്നു. ആർച്ച് ബിഷപ് വലിയ ഒരു സമ്മേളനത്തെ അഭിസംബോധനം ചെയ്യാൻ പോകുകയായിരുന്നു. വളരെ ദൂരം യാത്ര ചെയ്ത് നിശ്ചയിക്കപ്പെട്ട സ്ഥലത്ത് റെയിൽവേസ്റ്റേഷനിൽ വന്നിറങ്ങി. വഴി നിശ്ച യമില്ല. നടന്നുപോകാനുള്ള ദൂരമേയുള്ളൂ. വഴി യറിയാവുന്ന ഒരു ബാലൻ ടൗൺഹാളിലേക്കു കൊണ്ടുപോകാം എന്നേറ്റു. പോകുന്നവഴി

പ്രസംഗവിഷയം എന്താണെന്ന് ബാലൻ തിരക്കി. 'സ്വർഗത്തിലേക്കുള്ള വഴി' എന്ന് ഫുൾട്ടൺ ഷീൻ മറുപടി പറഞ്ഞു. ഇതുകേട്ട ബാലൻ ഉറക്കെ പൊട്ടിച്ചിരിച്ചു. കാരണം ചോദിച്ചപ്പോൾ ബാലൻ നല്കിയ മറുപടി ഇതായിരുന്നു: 'ടൗൺ ഹാളിലേക്കുള്ള വഴി പോലും അറിയാത്ത നിങ്ങളാണ് സ്വർഗത്തിലേക്കുള്ള വഴി കാണിക്കാൻ പോകുന്നത്!'

സ്നേഹമുള്ളവരേ, ഇടയധർമമാണ് ഞങ്ങളെയൊക്കെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യം. ഇടയന്മാർ വഴികാട്ടികൾ ആയിരിക്കണം. പച്ചപ്പുല്ത്തകിടികളിലേക്കും പ്രശാന്തമായ ചോലകളിലേക്കും ശീതളമായ അരുവികളിലേക്കും അജഗണത്തെ നയിക്കുന്നവരാകണം. ഈ ദൗത്യത്തെക്കുറിച്ച് ആലോചിക്കുമ്പോൾ എനിക്ക് ഭയം തോന്നാറുണ്ട്. കാരണം, എവിടെയാണ് പച്ചപ്പുല്ത്തകിടികൾ എന്നോ പ്രശാന്തമായ നീർച്ചോലകളെന്നോ എനിക്കു തന്നെ പലപ്പോഴും നിശ്ചയമില്ല. കണ്ണുകൊണ്ട് കാണാത്തതും ചെവി കേൾക്കാത്തതും മനുഷ്യഹൃദയം കൊണ്ട് വിഭാവനംചെയ്യാൻ സാധിക്കാത്തതുമായ അത്രവലിയ സൗഭാഗ്യങ്ങൾ ദൈവം അജഗണത്തിനായി ഒരുക്കിവച്ചിട്ടുണ്ടെന്ന് ഞങ്ങൾ പ്രസംഗിക്കാറുണ്ട്. അവിടേക്ക് സുരക്ഷിതമായി എല്ലാവരെയും കൊണ്ടുചെന്നെത്തിക്കാമെന്ന വാഗ്ദാനവും ഞങ്ങൾ നല്കാറുണ്ട്. എങ്കിലും ആ ബാലൻ ആർച്ച് ബിഷപ്പിനോടു ചോദിച്ച ചോദ്യം അവശേഷിക്കുന്നു: ഒരു ടൗൺഹാളിലേക്കുള്ള വഴി പോലും അറിയാത്ത ഞാൻ, സ്വർഗരാജ്യത്തിലേക്കുള്ള വഴി എങ്ങനെകാണിച്ചു കൊടുക്കാനാണ്! സ്വർഗത്തിലേക്കുള്ള വഴി കാണിച്ചു കൊടുക്കുന്നവൻ സ്വർഗം കണ്ടവനാകണം. സ്വർഗത്തിൽ നിന്ന് വന്നവനാകണം. അങ്ങനെ ഒരാൾ മാത്രമേയുള്ളൂ. സ്വർഗത്തിൽ നിന്നിറങ്ങി വന്നവനായ മനുഷ്യപുത്രൻ, അല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ലെന്നാണ് യേശു പറയുന്നത്. യേശു മാത്രമാണ് വഴിയും സത്യവും ജീവനും. അജപാലകരെന്നു വിളിക്കുന്ന ഞങ്ങളെ സംബന്ധിച്ചേടത്തോളം ആശ്വാസപ്രദമായ കാര്യം ഇതാണ്: യേശുവാണ്, യേശുമാത്രമാണ് യഥാർഥ അജപാലകൻ. യേശുവിനോടൊപ്പം ആയിരിക്കുകയും യേശുവിൽ വസിക്കുകയും ചെയ്യുന്നതിന്റെ തോത് അനുസരിച്ചാണ് ഞങ്ങളും അജപാലകരായിത്തീരുന്നത്. അജപാലകരെന്ന നിലയിൽ നൂറുകൂട്ടം കാര്യങ്ങളാണ് ഞങ്ങളുടെ മുന്നിലുള്ളത്. എന്നാൽ ഈ നൂറുകൂട്ടം കാര്യങ്ങളല്ല യേശുവിനോടൊപ്പം ആയിരിക്കുന്നതാണ് പരമപ്രധാനമായ കാര്യം. യേശുവിനെക്കൂടാതെ ഞങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

സുവിശേഷത്തിലെ മർത്തായെപ്പോലെ, പല കാര്യങ്ങളെയുംകുറിച്ച് ഉൽകണ്ഠാകുലരും അസ്വസ്ഥരും ആയിത്തീരാനുള്ള സാഹചര്യങ്ങളിലാണ് ഞങ്ങൾ ജീവിക്കുന്നത്. അപ്പോഴെല്ലാം പതറിപ്പോകാതെ ഇരിക്കണമെങ്കിൽ മറിയത്തെപ്പോലെ യേശുവിനോടൊപ്പം ആയിരിക്കുന്നതിന് മുൻതൂക്കം നല്കണമെന്നാണ് യേശു ഞങ്ങളെ ഓർമിപ്പിക്കുത്. കർത്താവാണ് യഥാർഥ ഇടയൻ. അവിടന്ന് കൂടെയുള്ളപ്പോൾ ഒന്നിനും ഒരു കുറവുമുണ്ടാകുകയില്ല. സർവോപരി, യേശുവിന്റെ കൂടെ ആയിരിക്കുന്നതാണ് ഇടയന്മാരായ ഞങ്ങളുടെ ആശ്വാസത്തിന്റെയും ശക്തിയുടെയും സ്രോതസ്സ്. ഗീതാഞ്ജലിയിൽ ടാഗോർ കുറിച്ചുവച്ച മനോഹരമായ പ്രാർഥന പറയട്ടെ:

Ask for a moments' indulgence
To sit by thy side
The work in hand I'll finish afterwards

കൈനിറയെ ഭാരിച്ച ഉത്തരവാദിത്വങ്ങളാണുള്ളത്. അതിനിടയ്ക്ക് ഓരോ നിമിഷവും അങ്ങയോടുകൂടെ ആയിരിക്കാനുള്ള ആനുകൂല്യം എനിക്ക് നല്കണമേ; എന്നെ ഏല്പിച്ചതെല്ലാം സാവകാശം, വിശ്വസ്തതയോടെ ഞാൻ ചെയ്തു തീർത്തുകൊള്ളാം.

അഭിവന്ദ്യ കളത്തിപ്പറമ്പിൽ പിതാവേ, ഈ നല്ല ദിവസത്തിൽ അങ്ങെയ്ക്കായുള്ള ഞങ്ങളുടെ ആശംസകളും പ്രാർഥനയും ഇതാണ്: കർത്താവ് 'അങ്ങയോടുകൂടെ', 'അങ്ങേ ആത്മാവോടും കൂടെ'. വല്ലാർപാടത്തമ്മയുടെ ശക്തമായ മാധ്യസ്ഥ്യം അങ്ങയോടൊപ്പം എപ്പോഴുമുണ്ടല്ലോ. ഫലപ്രദമായ രീതിയിൽ യേശുവിനോടൊപ്പം പരിശുദ്ധ മറിയത്തിന്റെ സംരക്ഷണത്തിൽ ഈ അജപാലനദൗത്യം നിർവഹിക്കാൻ വേണ്ട വെളിച്ചവും ശക്തിയും കൃപയും അങ്ങിൽ വന്നുനിറയട്ടെ എന്ന് ഞങ്ങൾ ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. ദൈവം എന്നും അങ്ങയെ അനുഗ്രഹിക്കട്ടെ.